വിവരിയിരുത്തുകയും ചെയ്യുന്നു. കൂടാതെ വീഡിയോ കോൺഫറൻസിംഗ് മുഖേന മാനേജിംഗ് ഡയറക്ടറുടെ നേതൃത്വത്തിൽ അവലോകനം നടത്തുന്നുമുണ്ട്. മുൻകാലങ്ങളിൽ പദ്ധതികളുടെ ടർണ്ണോസ് ക്ഷണിക്കുന്നതിനുള്ള കാലതാമസം പുതിയ ഇ-ടെണ്ടറിംഗ് സംവിധാനത്തിലൂടെ ത്വരിതഗതിയിലാക്കുവാനും സാധിച്ചിട്ടുണ്ട്. ഇതെല്ലാം പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കിക്കിട്ടുന്നുണ്ട്.

ജീവിതശൈലീ രോഗനിർണ്ണയവും ചികിത്സയും

17(*77) ശ്രീ. ടി. എൻ. പ്രതാപൻ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ശ്രീ. വി. ടി. ബൽറാം :

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജീവിതശൈലീ രോഗനിർണ്ണയവും ചികിത്സയും സൗജന്യമായി നൽകുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തൊക്കെയാണ് ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനും നേരത്തെ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും ആരോഗ്യ വകുപ്പ് "അമൃതം ആരോഗ്യം" എന്ന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്.

(ബി) മുപ്പത് വയസ്സിനുമുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളേയും ജീവിതശൈലീ രോഗങ്ങൾ കണ്ടെത്തുന്നതിനായി സ്ക്രീനിംഗ് നടത്തുക, രോഗം കണ്ടെത്തുന്നവർക്ക് ചികിത്സയും മരുന്നും സൗജന്യമായി നൽകുക, അനാരോഗ്യകരമായ ഭക്ഷണം, വ്യായാമമില്ലായ്മ, പുകവലി, മദ്യപാനം തുടങ്ങിയ ശീലങ്ങളോടുള്ള ആസക്തി എന്നിവയ്ക്ക് എതിരെയുള്ള ബോധവത്കരണം എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. ഇതിലൂടെ രോഗം വരാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിക്കുന്നതിനും രോഗം മൂർച്ഛിച്ചു കണ്ടെത്തുന്നതിനും മുൻഗണനായി ചികിത്സിക്കുന്നതിനും ഗുരുതരാവസ്ഥ ഒഴിവാക്കുന്നതിനും സാധിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2010-11 വർഷത്തിൽ കേന്ദ്രം ആവിഷ്കരിച്ച പദ്ധതിയായിട്ടാണ് ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതി കേരളത്തിൽ ആരംഭിച്ചത്. അഞ്ച് ജില്ലകളിൽ മാത്രം നിലവിൽ വന്ന പദ്ധതിയുടെ പുരോഗതി വിലയിരുത്തിയ സംസ്ഥാന ആരോഗ്യ വകുപ്പ് 2012-ലാണ് "അമൃതം ആരോഗ്യം" എന്ന പേരിൽ സംസ്ഥാന വ്യാപകമായി ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതി നടപ്പിലാക്കിയത്. ഭരണതലത്തിൽ ഇതിനായി പ്രത്യേക കമ്മിറ്റികൾ രൂപീകരിക്കുകയും പിന്നീടായ പ്രവർത്തനങ്ങളിലൂടെ ഈ പദ്ധതിക്കുവേണ്ട രൂപരേഖയും മാർഗ്ഗനിർദ്ദേശങ്ങളും തയ്യാറാക്കി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ആലോചന അവലോകന യോഗങ്ങൾ സംഘടിപ്പിക്കുകയും പരിശീലന പരിപാടികൾ ഫീൽഡുതലംവരെ നൽകുകയും ചെയ്യുന്നു. ആവശ്യമായ മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻവഴി സംഭരിക്കുകയും സമയബന്ധിതമായി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ആശുപത്രി തലത്തിലും കൃത്യമായ അവലോകനം നടത്തുകയും പദ്ധതിയുടെ പുരോഗതി വിലയിരുത്തുകയും ചെയ്യുവരുന്നു.

പൂട്ടിയ തോട്ടങ്ങൾ തുറക്കുന്നതിനുള്ള കർമ്മപദ്ധതി

18(*78) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വൃന്ദ കാരാട്ട് :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികൾ നടപ്പാക്കിയിട്ടുണ്ട് എന്ന് അറിയിക്കാമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ):

(എ) കേരളത്തിൽ ആകെ 647 തോട്ടങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ തിരുവനന്തപുരത്ത് പൊണ്ണക്കാട് എസ്റ്റേറ്റ്, വിളവ ഗോകർ എസ്റ്റേറ്റ്, ഇടുക്കിയിൽ എം.എം.ജെ. പ്ലാന്റേഷൻസിന്റെ പൊണ്ണാനി, കോട്ടമല എസ്റ്റേറ്റുകൾ തൊടുപുഴയിൽ മേത്താനത്ത് എസ്റ്റേറ്റുമാണ് പൂട്ടിക്കിടക്കുന്നത്. പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറക്കുന്നതിനായി അഡീഷണൽ ലേബർ കമ്മീഷണർ (ഐ.ആർ.)തലത്തിലും ലേബർ കമ്മീഷണറുടെ നേതൃത്വത്തിലും ചർച്ചകൾ നടത്തിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly